STATE POLICE MEDIA CENTRE
KERALA POLICE
Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.283/PR/SPMC/PHQ/2025 Date: 20.09.2025

# ഹോപ്പ് - എസ്.പി.സി ജോയിന്റ് അലുമിനി മീറ്റ് 2025; തിങ്കളാഴ്ച മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

കേരളാ പോലീസിന്റെ അഭിമാന പദ്ധതികളായ ഹോപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവയുടെ സംയുക്ത അലുമിനി മീറ്റ് ഈ വരുന്ന തിങ്കളാഴ്ച്ച (22.09.2025) രാവിലെ 10.00 മണിക്ക് തിരുവനന്തപുരം തൈക്കാട് പോലീസ് ട്രെയിനിംഗ് കോളേജിൽ നടക്കുന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. 2025 ലെ ലോക പോലീസ് & ഫയർ ഗെയിംസിൽ പങ്കെടുത്ത് വിജയിച്ചവർക്കുള്ള സമ്മാനദാനവും ചടങ്ങിൽ മുഖ്യമന്ത്രി നിർവ്വഹിക്കും.

സംസ്ഥാന പോലീസ് മേധാവി റവാഡ എ ചന്ദ്ര ശേഖർ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ അഡീഷണൽ ചീഫ് സെക്രട്ടറി (ഫിനാൻസ്) കെ. ആർ ജ്യോതിലാൽ, പൊതു വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി ഡോ. കെ വാസുകി, പോലീസ് ആസ്ഥാനത്തെ എ.ഡി.ജി.പി എസ്. ശ്രീജിത്ത്, ക്രമസമാധാന വിഭാഗം എ.ഡി.ജി.പി എച്ച്. വെങ്കടേഷ്, പരിശീലന വിഭാഗം ഐ.ജി ഗുഗുലോത്ത് ലക്ഷ്മൺ, തിരുവനന്തപുരം റേഞ്ച് ഡി.ഐ.ജിയും സോഷ്യൽ പോലീസിംഗ് ഡയറക്ടറുമായ എസ്. അജീത ബീഗം, യൂണിസെഫ് സോഷ്യൽ പോളിസി സ്പെഷ്യലിസ്റ്റ് (ചൈൽഡ് പ്രൊട്ടക്ഷൻ) ജി. കുമരേശൻ, മറ്റ് മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ, ഹോപ്പ്, എസ്.പി.സി പദ്ധതികളിൽ നിന്നുള്ള പൂർവ്വവിദ്യാർത്ഥികൾ എന്നിവർ പങ്കെടുക്കും.

രണ്ടു ദിവസങ്ങളിലായി നടക്കുന്ന സംഗമത്തിൽ ഹോപ്പ്, എസ്.പി.സി പദ്ധതികളുമായി സഹകരിച്ചു പ്രവർത്തിച്ചവർ അവരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കും. കൂടാതെ ഇത്തരം പദ്ധതികൊണ്ട് അവർക്കുണ്ടായ മാറ്റങ്ങൾ, നേട്ടങ്ങൾ എന്നിവ മറ്റുള്ളവരുമായി സംവദിക്കുന്നതിലൂടെ ഇത്തരം പദ്ധതികൾ എങ്ങനെയാണ് യുവതയെ സമൂഹത്തിന് ഉപകാരപ്പെടുന്ന നിലയിലേക്ക് മാറ്റിയെടുത്തതെന്ന് വരും തലമുറയ്ക്ക് മനസ്സിലാക്കാനും കഴിയുന്നു.

വിവിധകാരണങ്ങളാൽ പഠനം പകുതിവഴിയിൽ ഉപേക്ഷിക്കേണ്ടിവരുന്ന 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് തുടർപഠനം സാധ്യമാക്കുന്നതിനായി ആരംഭിച്ച പഠനപദ്ധതിയാണ് ***ഹോപ്പ്.*** അന്താരാഷ്ട്ര ശ്രദ്ധ നേടിയ കേരളാ പോലീസിന്റെ അഭിമാന പദ്ധതിയാണ് ***സ്റ്റുഡൻറ് പോലീസ് കേഡറ്റ്.*** നിയമബോധവും പൗരബോധവുമുള്ള, ദുർബലവിഭാഗങ്ങളോട് സഹാനുഭൂതി പുലർത്തുന്ന പുതുതലമുറയെ വാർത്തെടുക്കുക എന്ന ഉദ്ദേശത്തോടെ ഹൈസ്കൂൾ തലത്തിൽ പോലീസ് നടപ്പിലാക്കിയ സംരംഭമാണിത്.

**************************